പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 666

2.12.2014 ൽ
മറുപടിയ്ക്ക്

<u>കണ്ണൂർ സൈബർപാർക്ക്</u>

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. കൃഷ്ണൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന കണ്ണൂർ സൈബർപാർക്ക് നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ<br>വിശദമാക്കാമോ ; | എ) ഐ.ടി. പാർക്കിന് ലഭിച്ച 25.63 ഏക്കർ ഭൂമിയിലേയ്ക്ക് നേരിട്ടുള്ള ഗതാഗത സൗകര്യമില്ല. നിലവിലുള്ള പഞ്ചായത്ത് റോഡിൽ നിന്നും ടി ഭൂമിയിലേയ്ക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാക്കാൻ ഒരു ഏക്കർ ഭൂമിയോളം ആവശ്യമുണ്ട്. ഈ ഒരു ഏക്കർ ഭൂമിയിൽ 80 സെന്റ് സ്വകാര്യ വ്യക്തികളുടെ കൈവശവും, 20 സെന്റ് ഭൂമി മിച്ചഭൂമിയായി സർക്കാർ കൈവശത്തിലു-മാണുള്ളത്. ഈ രണ്ട് ഭൂമികളും കെ.എസ്.ഐ.ടി.ഐ.എൽ, ഏറ്റെടുക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളും ഭൂമി കൈമാറ്റ നടപടികളും പുരോഗമിച്ചുവരികയാണ്. പ്രത്യേക സാമ്പത്തിക മേഖലയായ ഈ ഭൂമിയുടെ ചുറ്റുമതിൽ നിർമ്മാണം 90% ഇതിനകം പൂർത്തീകരിച്ചു. 50000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടവും അതിന്റെ അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ആർക്കിടെക്ചറൽ കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| ബി) സൈബർപാർക്കിൽ കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ? | ബി) 2015 മാർച്ച് മാസത്തോടെ ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ